"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-സിവിൽ ജുഡീഷ്യൽ വകുപ്പ് ഇടുക്കി പീരുമേട് മുൻസിഫ് കോടതിയിൽ സീനിയർ ക്ലാർക്കായ ശ്രീ.അനീഷ്.ആർ-ന് പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ്/ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.208/2022/LSGD **തീയതി,തിരുവനന്തപുരം, 02-02-2022**

---

പരാമർശം:-

1. 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.
2. ശ്രീ.അനീഷ്.ആർ-ന്റെ 09.02.2019 ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 02.03.2020, 06.12.2021 എന്നീ തീയതികളിലെ ഇ4-3401/2020നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സിവിൽ ജുഡീഷ്യൽ വകുപ്പ് ഇടുക്കി പീരുമേട് മുൻസിഫ് കോടതിയിൽ സീനിയർ ക്ലാർക്കായ ശ്രീ.അനീഷ്.ആർ-ന് പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ്/ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സിവിൽ ജുഡീഷ്യൽ വകുപ്പിൽ 04.06.2014 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അനീഷ്.ആർ നിലവിൽ ജോലി ചെയ്യുന്ന വകുപ്പിലും, ജില്ലയിലും അഞ്ചുവർഷ സേവനം പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാന് അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് അർഹതയുണ്ട്. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(ii) ലെ വ്യവസ്ഥ പ്രകാരം entry cadre ൽ മാത്രമേ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കാനാകൂ . ടിയാന്റെ സമ്മതപത്രപ്രകാരം സിവിൽ ജുഡീഷ്യൽ വകുപ്പിൽ തന്നെ എൻട്രി കേഡറിലേയ്ക്ക് തരംതാഴ്ത്തിയാൽ മാത്രമേ പഞ്ചായത്ത് വകുപ്പിലേയ്ക്ക് അന്തർവകുപ്പ് സ്ഥലമാറ്റം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. അച്ചടക്ക നടപടിയുടെ ഭാഗമായോ, തസ്തികയുടെ അഭാവത്തിലോ അല്ലാതെ, ഒരു ജീവനക്കാരനെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികയിൽ നിന്നും താഴ്ന്ന തസ്തികയിലേക്ക് തരം താഴ്ത്തി നിയമിക്കുവാൻ കെ.എസ്.ആറിൽ ചട്ടങ്ങളോ വ്യവസ്ഥകളോ ഇല്ല. ടിയാളെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സിവിൽ ജുഡീഷ്യൽ വകുപ്പ് ഇടുക്കി പീരുമേട്

മുൻസിഫ് കോടതിയിൽ സീനിയർ ക്ലാർക്കായ ശ്രീ.അനീഷ്.ആർ-നെ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ്/ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

4. ശ്രീ.അനീഷ്.ആർ ക്ലാർക്ക് തസ്തികയിൽ ജൂനിയറായി കൊല്ലം ജില്ലയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതും പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി
മുൻസിഫ്, സിവിൽ ജുഡീഷ്യൽ വകുപ്പ്, പീരുമേട്, ഇടുക്കി
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ.അനീഷ്.ആർ, സീനിയർ ക്ലാർക്ക്, സിവിൽ ജുഡീഷ്യൽ വകുപ്പ്, പീരുമേട്, ഇടുക്കി.
(മുൻസിഫ്, സിവിൽ ജുഡീഷ്യൽ വകുപ്പ്, പീരുമേട്, ഇടുക്കി മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (88/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ